**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **14-03-2022 - ൽ മറുപടിയ്ക്ക്**

**മിഷൻ പി.ഡബ്ല്യൂ.ഡി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ജി സ്റ്റീഫൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും മിഷൻ പി.ഡബ്ല്യൂ.ഡി. എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മിഷൻ പി.ഡബ്ല്യു.ഡി. എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. രണ്ടാഴ്ചയിൽ ഒരിക്കൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, നോഡൽ ഓഫീസർമാർ, ചീഫ് എൻജിനീയർമാർ എന്നിവർ യോഗം ചേർന്ന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ അവലോകനവും ഭാവിയിലേയ്ക്കുള്ള പദ്ധതികൾക്കുവേണ്ടി നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും, നവീന രീതിയിൽ പൊതുമരാമത്ത് വകുപ്പിനെ നയിക്കുന്ന രീതിയിലുള്ള ആശയങ്ങൾ മുന്നോട്ട് വെയ്ക്കുകയും, അതിനെക്കുറിച്ച് ചർച്ച ചെയ്ത് പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് Mission Meeting നടത്തികൊണ്ടുപോകുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നൂറ്റി നാൽപ്പത് നിയോജകമണ്ഡലങ്ങളിലേയും റോഡുകളുടെ നിലവിലെ സ്ഥിതി പരിശോധിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; റോഡുകളിൽ ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി 140 നിയോജക മണ്ഡലങ്ങളിലേയും റോഡുകളുടെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനും മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രവർത്തന പുരോഗതിയിലുണ്ടാകുന്ന തടസ്സങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും വിവിധ വിഭാഗങ്ങളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരുൾപ്പെടെയുള്ള team -ലെ നോഡൽ ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ഈ ടീമിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി മൂന്ന് ചീഫ് എഞ്ചിനീയർമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡുകളിൽ DLP ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ പുരോഗതി |

| | | | |
|---|---|---|---|
| | | | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഉത്തരവാദിത്ത കാലാവധിയിലുള്ള മുഴുവൻ റോഡുകളിലുമായി മൊത്തം 2293 DLP ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | വിമർശനങ്ങളെ നേരിട്ടുകൊണ്ട് വികസനം എന്ന ലക്ഷ്യത്തിലൂന്നി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി അതാത് ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോർഡിനേഷൻ കമ്മിറ്റിയും (ജി.ഒ.(ആർ.ടി) നം. 829/2021/ പി.ഡബ്ല്യുഡി തീയതി 13/09/2021) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ മണ്ഡലാടിസ്ഥാനത്തിലുള്ള മോണിറ്ററിംഗ് നടത്തുന്നതിനായി 140 നോഡൽ ഓഫീസർമാരെ നിയമിച്ചുകൊണ്ട് (ജി.ഒ.(ആർ.ടി) നം. 8/2022/പി.ഡബ്ല്യുഡി, തീയതി 01/01/2022) സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വികസനം എന്ന ലക്ഷ്യത്തിലൂന്നിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ വികസനം ലക്ഷ്യമാക്കി പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമായും ഗുണനിലവാരത്തോടുകൂടിയും സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി കെട്ടിട വിഭാഗത്തിനു കീഴിലുള്ള എല്ലാ പ്രവൃത്തികളും Composite രീതിയിൽ നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൂർത്തികരിച്ച എല്ലാ പ്രവൃത്തികളിലും അതാത് സ്ഥലങ്ങളിൽ Defect Liability Board സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. കേരളത്തിലുടനീളമുള്ള എല്ലാ റസ്റ്റ് ഹൗസുകളും പൊതുജനങ്ങൾക്കും കൂടി ഉപകാരപ്രദമാകുന്ന രീതിയിൽ Online Booking സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിൽ ഫയലുകളുടെ വേഗത വർദ്ധിപ്പിക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനുമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുകയും ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിന് സ്പാർക്ക് മുഖാന്തിരം 'ഓൺലൈൻ' ആയി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ PWD, DICC, ആക്സിലറേറ്റ് PWD യോഗങ്ങൾ ചേർന്ന് വിലയിരുത്തൽ നടത്തുന്നുണ്ട്. റോഡ് പരിപാലനത്തിനായി റണ്ണിംഗ് കോൺട്രാക്ട് സമ്പ്രദായം വകുപ്പ് നടപ്പാക്കി കഴിഞ്ഞു. പദ്ധതികൾ സുതാര്യമായി നടപ്പിലാക്കാൻ പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റവും നടപ്പാക്കാൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊതു ജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിനും പരിഹാര നടപടികൾ |

| | | | |
|---|---|---|---|
| | | | അടിയന്തരമായി സ്വീകരിക്കുന്നതിനുമായി PWD4U എന്ന mobile application ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ